"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്- കളിസ്ഥല നിർമ്മാണവുമായി ബന്ധപ്പെട്ട 28.06.2024 ലെ 5-ാം നമ്പർ പഞ്ചായത്ത് സമിതി തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ടും വിഷയം ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.507/2025/LSGD തീയതി,തിരുവനന്തപുരം, 20-02-2025

---

പരാമർശം:-

1. കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15/06/2024 ലെ തീരുമാനം
2. കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28/06/2024 ലെ 5-ാം നമ്പർ തീരുമാനം
3. കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/07/2024 ലെ എസ്.സി1/2016/24 നമ്പർ കത്ത്
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 27/12/2024 ലെ LSGD/PD/37705/2024-DPLA4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 247-ാം നമ്പരായി ഉൾപ്പെടുത്തിയിട്ടുള്ള കളിസ്ഥല നിർമ്മാണം എന്ന പദ്ധതി ഏറ്റെടുത്തിരുന്നു. 2023-24 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിന്റെ 10 ലക്ഷവും, പഞ്ചായത്തിന്റെ തനത് ഫണ്ട് 15 ലക്ഷവും ആകെ 25 ലക്ഷം രൂപ വകയിരുത്തി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ കളിസ്ഥല നിർമ്മാണം എന്ന പ്രവൃത്തിയുടെ ഡ്രഡ്ജിംഗ് നടത്തുന്നതിന് ഇറിഗേഷൻ വകുപ്പിന് തുക കൈമാറൽ സംയുക്തം എന്ന പദ്ധതിയ്ക്കായി ഡി.പി.സി അംഗീകാരവും വെറ്റിംഗ് ഓഫീസറുടെ അനുമതിയും ലഭ്യമാക്കി 2024-2025 ൽ സ്പിൽ ഓവർ ആക്കുന്നതിനും തീരുമാനിച്ചിരുന്നു.

ടി പ്രോജകട് നടപ്പാക്കുന്നതിനായി ഇറിഗേഷൻ വകപ്പ് കായലിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കൽ ഡ്രഡ്ജ് ചെയ്ത് കളിസ്ഥലം പടുത്തുയർത്തുന്ന പദ്ധതിക്ക് തുക കൈമാറുന്നതിന് മുമ്പായി ടി സ്ഥലം തീരദേശ നിയന്ത്രണ മേഖലയുടേയോ (CRZ), തണ്ണീർത്തടത്തിന്റെയോ(WET LAND) പരിധിയിൽ വരുന്നില്ലായെന്ന് ഉറപ്പുവരുത്തണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രസ്തുത സ്ഥലം പുറംപോക്കിൽ

ഉൾപ്പെടുന്നതാണെന്ന് വില്ലേജ് ഓഫീസറും, CRZ-2011 മാപ്പ് പരിശോധിച്ചതിൽ കായലായി രേഖപ്പെടുത്തിയിരിക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ CRZ & WET LAND നിയമം എന്നിവയിൽ ഇളവ് ലഭിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി ജില്ലാ കളക്ടർക്കും, CRZ മെമ്പർ സെക്രട്ടറിയ്ക്കും അപേക്ഷ സമർപ്പിച്ചിരിക്കവെ CRZ & WET LAND നിയമം സംബന്ധിച്ച ഇളവുകൾ ലഭിക്കാതെ തന്നെ ഇറിഗേഷൻ വകുപ്പിന് ഡ്രഡ്ജിംഗിനായി 25 ലക്ഷം രൂപ കൈമാറണമെന്ന പരാമർശം (1) ലെ തീരുമാനത്തിന് സെക്രട്ടറി 3 മെമ്പർമാരുടെ വിയോജിപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിലും ടി തീരുമാനം പുന: പരിശോധിക്കണമെന്ന് സെക്രട്ടറി കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സമിതി ഇക്കാര്യം ചർച്ച ചെയ്യുകയും നിയമാനുസൃത അനുമതി ലഭിക്കാതെ തന്നെ 25 ലക്ഷം രൂപ ഇറിഗേഷൻ വകുപ്പിന് കൈമാറണമെന്ന് പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയുണ്ടായി. പ്രസ്തുത തീരുമാനം റദ്ദ് ചെയ്യണമെന്ന് പരാമർശം (3) പ്രകാരമുള്ള കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെടുകയും, പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറും ഇക്കാര്യം സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിലെ കളിസ്ഥലം നിർമ്മാണം എന്ന പ്രവൃത്തി യുടെ ഭാഗമായി CRZ, & WET LAND നിയമം എന്നിവയിൽ ഇളവുകൾ ലഭിക്കാതെ ഇറിഗേഷൻ വകുപ്പിന് ഡ്രഡ്ജിംഗിനായി 25 ലക്ഷം രൂപ കൈമാറണമെന്ന **പരാമർശം (2) പ്രകാരമുള്ള** തീരുമാനം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 191(2) നിഷ്കർഷിച്ചിട്ടുള്ള 271-ജി പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും, 191(4) പ്രകാരം സർക്കാരിൽ നിന്നും ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ പരാമർശം (2) ലെ തീരുമാനം നടപ്പാക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്, എറണാകുളം.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.
6) ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിങ്,ഐ & പി ആർ ഡി
7) കരുതൽ ഫയൽ (ഡി.ബി1/280/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 20-02-2025 13:03:38